**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6393** **10-07-2024 - ൽ മറുപടിയ്ക്ക്**

**ചാലിയാർ പുഴയിലെ ഉൾനാടൻ മത്സ്യകൃഷി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ചാലിയാർ പുഴയിൽ മത്സ്യ ഉല്പാദനം വർധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ചാലിയാർ പുഴയിൽ മത്സ്യ ഉൽപ്പാദനം വർധിപ്പിക്കുന്നതിന് കോഴിക്കോട് ജില്ലയുടെ പരിധിയിൽ ഉൾനാടൻ മത്സ്യകൃഷി എന്ന നിലയിൽ മത്സ്യകർഷകർ കൂട് കൃഷി നടത്തി വരുന്നുണ്ട്. പി.എം.എം.എസ്.വൈ. 2021-22 പദ്ധതിയിൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ചാലിയാർ പുഴയിൽ മത്സ്യ ഉൽപ്പാദനം വർധിപ്പിക്കുന്നതിന് രണ്ടു കരിമീൻ കൂട് കൃഷി യൂണിറ്റുകൾ നടപ്പാക്കുകയും 1250kg കരിമീൻ ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിൽ പൊതു ജലാശയത്തിൽ മത്സ്യക്കുഞ്ഞു നിക്ഷേപത്തിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തിൽ 9 ലക്ഷം കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ ചാലിയാർ പുഴയിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പുഴയിലെ വാഴക്കാട് കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് ഭാഗങ്ങളിൽ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | ചാലിയാർ പുഴയിലെ വാഴക്കാട് കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രദേശത്തെ ജലാശയത്തിലെ രാസ ഭൗതിക ഘടകങ്ങൾ പരിശോധിച്ച് ആയത് മത്സ്യകൃഷിയ്ക്ക് അനുകൂലമാണെങ്കിൽ ഉചിതമായ പദ്ധതികൾ ആവിഷ്കരിക്കരിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ